61

# ആവശ്യം: മനോഭാവ ക്രമീകരണം

**വായനാ ഭാഗം #25**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിലെത്തുന്നതുവരെ (തുടർച്ച).
- P. പെരെയ ശുശ്രൂഷ (തുടർച്ച).
  - 8. പലവക ഉപദേശം (ലൂക്കൊ. 17:1–10).
- Q. ബെഥാന്യയിലേക്ക്.
  - 1. ലാസറിനെ ഉയർപ്പിക്കൽ (യോഹ. 11:1–46).
  - 2. ന്യായാധിപസഭയുടെ കല്പന (യോഹ. 11:47–53).
- R. അവസാന പാലസ്തീൻ സന്ദർശനം.
  - 1. എഫ്രയിമിലേക്ക് പിൻവലിയൽ (യോഹ. 11:54).
  - 2. ശമര്യയിലും ഗലീലിയിലും കൂടെ (ലൂക്കൊ. 17:11).
- S. യെരുശലേമിലേക്കുള്ള അവസാന യാത്ര (ലൂക്കൊ. 17:11).
  - 1. പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കൽ (ലൂക്കൊ. 17:12–19).
  - 2. ദൈവരാജ്യത്തെ കുറിച്ചുള്ള ഉപദേശം (ലൂക്കൊ. 17:20–37).
  - 3. പ്രാർത്ഥനയെ കുറിച്ചുള്ള ഉപമ.
    - a. മടുത്തുപോകാത്ത വിധവയുടെ ഉപമ (ലൂക്കൊ. 18:1–8).
    - b. പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ (ലൂക്കാ. 18:9–14).

**മുഖവുര**

നമ്മിൽ എല്ലാവരിലും ഇടക്കിടക്ക് മോശമായ മനോഭാവം ഉണ്ടാകും – അങ്ങനെ സംഭവിക്കുമ്പോൾ, അതു നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ബാധിക്കും. ജ്ഞാനിയായവൻ പറഞ്ഞു, "അവൻ തന്റെ മനസിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു" (സദൃശവാക്യങ്ങൾ 23:7). അതിനെ ജോർജ് ഡബ്ലിയു.ബെയ്‌ലി ഇപ്രകാരം പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്: "നിങ്ങൾ ചിന്തിക്കുന്നതുപോലെ ആയിരിക്കണമെന്നില്ല നിങ്ങൾ; എന്നാൽ നിങ്ങൾ എന്തു *ചിന്തിക്കുന്നുവോ*, അതാണ് *നിങ്ങൾ*." ഓരോരുത്തർക്കും അവരവരുടെ മനോഭാവം ചിലപ്പോൾ ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്.[1]

ഈ പഠനത്തിൽ, യേശു അവസാനമായി പാലസ്തീൻ സന്ദർശിക്കുന്നതു നാം കാണും. പെരെയയിൽനിന്നു ബെഥാന്യയിലേക്കും, ബെഥാന്യയിൽനിന്നു മരുഭൂമിയിലേക്കും, മരുഭൂമിയിൽനിന്നു ശമര്യ, ഗലീല എന്നീ പ്രദേശങ്ങളിലേക്കും അവൻ യാത്ര ചെയ്യുന്നതു നാം മനസിലാക്കും. അവസാനം, അവൻ ക്രൂശിലേക്കുള്ള വഴിയായി യെരുശലേമിലേക്കും യാത്ര ചെയ്യുന്നുണ്ട്. ഭൂമിയിലെ തന്റെ സമയം തീരാറായി എന്ന് മനസിലാക്കി, യേശു തന്റെ ഉപദേശത്തെ ഉഗ്രമാക്കിക്കൊണ്ടിരുന്നു. തന്റെ ഉപദേശത്തിൽ മുഖ്യപങ്കും അവന്റെ ശിഷ്യന്മാർക്കുള്ളതായിരുന്നു എങ്കിൽ, കുറെ പരീശന്മാരോടുള്ളതായിരുന്നു (ലൂക്കൊസ് 17:20; 18:10; യോഹന്നാൻ 11:46). *ശരിയായ മനോഭാവം* ഉണ്ടാകേണ്ടതിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നവയാ

യിരുന്നു അവയെല്ലാം. നമുക്ക് ഇന്നു ആവശ്യമായിരിക്കുന്നതുപോലെ – ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തുവിന്റെ അനുയായികൾക്കും മനോഭാവ ക്രമീ കരണം അനിവാര്യമായിരുന്നു.

### പാപത്തോടുള്ള നിങ്ങളുടെ മനോഭാവത്തെ ക്രമീകരിക്കുക (ലൂക്കൊ. 17:1-10)

പരീശന്മാരോട് നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായോ പ്രതികരിക്കുന്ന വയായിരുന്നു, കഴിഞ്ഞ പാഠത്തിൽ നാം പഠിച്ച ഉപമകൾ മിക്കവയും (ലൂക്കൊസ് 14:1, 12, 16; 15:1–3; 16:13, 14). തന്റെ ശിഷ്യന്മാർക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളുടെ ഒരു പരമ്പര തന്നെ യേശു പിന്നെ നൽകുന്നുണ്ട്.

#### പാപത്തോടുള്ള മനോഭാവം: വിചാരം (വാ. 1-3)

“ചെറിയവരിൽ ഒരുത്തനു” ഇടർച്ച വരുത്തുന്നവനു അയ്യോ കഷ്ടം എന്നു പറഞ്ഞുകൊണ്ടാണ് അവൻ നിർദ്ദേശം ആരംഭിക്കുന്നത് (വാ.1, 2).[2] വഴങ്ങുന്നതിലും മനസിലാക്കുന്നതിലും കുട്ടികളായിരിക്കുന്നവരെ സൂചി പ്പിച്ചുകൊണ്ട് യേശു ചിലപ്പോൾ “ചെറിയവർ” എന്നു പറഞ്ഞിട്ടുണ്ട്.[3] സന്ദർഭ ത്തിൽ, കുറ്റാരോപിതർ പരീശന്മാരായിരുന്നു (16:14), എന്നാൽ നാം ഓരോ രുത്തരും മറ്റൊരാൾക്ക് ഇടർച്ച വരുത്തരുതെന്നാണ് പുതിയനിയമം നമ്മെ പഠിപ്പിക്കുന്നത് (1 കൊരിന്ത്യർ 8:13). ''നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവിൻ'' എന്നാണ് ക്രിസ്തു തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചത് (ലൂക്കൊസ് 17:3). മറ്റൊരു വാക്കിൽ പറഞ്ഞാൽ, “ഇപ്പോൾ പറഞ്ഞ പാപ ത്തിന്റെ കുറ്റക്കാരാകരുത്,” എന്നർത്ഥം.

അവൻ തുടർന്നു, “നിന്റെ സഹോദരൻ പാപം ചെയ്താൽ, അവനെ ശാസിക്ക” (വാ. 3). അതൊരു പ്രസിദ്ധമായ ഉപദേശമല്ല, എന്നാൽ അതു ആവശ്യമായ ഉപദേശമാണ്. ഒരു സഹോദരൻ തന്റെ ജീവിതത്തിൽ പാപം ചെയ്താൽ, അത് അവന്റെ ആത്മാവിനെ നശിപ്പിക്കും, നാം അതു, കണ്ടി ല്ലെന്നു നടിക്കരുത്. അവനെ നാം ചെന്ന് യഥാസ്ഥാനപ്പെടുത്തുവാൻ സ്നേഹം നമ്മെ നിർബ്ബന്ധിക്കും (യാക്കൊബ് 5:19, 20). എങ്ങനെയായാലും, നാം അതു “സൗമ്യതയുടെ ആത്മാവിലും” (ഗലാത്യർ 6:1) സ്നേഹത്തിലും ചെയ്യണം (എഫെസ്യർ 4:15).[4]

#### പാപികളോടുള്ള മനോഭാവം: മനസലിവ് (വാ. 3-6)

നാം വെറുതെ ശാസിക്കുകയല്ല വേണ്ടത്; ക്ഷമിക്കുവാനും നാം തയ്യാ റാകണം (വാ. 3). ജെ. ഡബ്ല്യു. മെക്ഗാർവേ പറഞ്ഞത് നീതിക്കു ശാസി ക്കുവാൻ കടമയുള്ളതുപോലെ, സ്നേഹത്തിനു ക്ഷമിക്കുവാനും കടമയുണ്ട് എന്നാണ്.[5] ഒരു ദിവസം ആരെങ്കിലും ഏഴു പ്രാവശ്യം നിങ്ങൾക്കെതിരെ പാപം ചെയ്താലും, നിങ്ങൾ ക്ഷമിക്കുവാൻ തയ്യാറാകണം എന്നാണ് കർത്താവ് തന്റെ അനുയായികളോട് പറഞ്ഞത് (വാ. 4).[6]

ശിഷ്യന്മാർക്ക് അതു കേട്ട് പ്രയാസം തോന്നി. “ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമേ” എന്ന് അവർ നിലവിളിച്ചു പറഞ്ഞു (വാ. 5). മറ്റൊരു വാക്കിൽ പറഞ്ഞാൽ, “നീ ഇപ്പോൾ പറഞ്ഞ വെല്ലുവിളി നേരിടുവാനുള്ള വിശ്വാസം തരേണമേ!” എന്നർത്ഥം.[7] എങ്ങനെ അവരുടെ വിശ്വാസം വർദ്ധി

പ്പിക്കണമെന്ന് അവരോട് യേശുവിന് പറയാമായിരുന്നു (റോമർ 10:17; യോഹന്നാൻ 17:20; 20:31). പകരം, ഫലത്തിൽ, വിശ്വാസത്തിന്റെ പ്രാധാന്യത്തെ അവരിൽ ഉണർത്തുകയായിരുന്നു – അതു തന്റെ ശക്തിയുടെ ഒരു ചിത്രീകരണം ഉപയോഗിച്ചുകൊണ്ടായിരുന്നു (ലൂക്കൊസ് 17:6).[8]

**പാപത്തെ-വിധിക്കുന്നവനോടുള്ള മനോഭാവം: പശ്ചാത്താപം (വാ. 7-10)**

പൊതുവായ നിർദ്ദേശം ഒരു മുന്നറിയിപ്പോടെയാണ് അവസാനിപ്പിക്കുന്നത്. പാപത്തോടും പാപികളോടും ഒരാൾക്ക് എപ്പോഴും നല്ല മനോഭാവം *ഉണ്ടായിരുന്നാൽ* എന്തായിരിക്കും സ്ഥിതി? അതിനാൽ അവനോട് ദൈവത്തിനു (പാപികളെ വിധിക്കുന്നവൻ) കടപ്പാടുണ്ടാകുമോ? ഇല്ല. തങ്ങളുടെ "നന്മ" അവർക്ക് സ്വർഗത്തിൽ ഒരു സ്ഥാനം ഉറപ്പിക്കുമെന്നാണ് പരീശന്മാർ വിചാരിച്ചിരുന്നത് (ലൂക്കൊസ് 18:9–12), പക്ഷെ അവർക്ക് തെറ്റിപ്പോയി. ആ പോയിന്റിനു ഊന്നൽ കൊടുക്കുവാൻ ക്രിസ്തു ഒരു ദാസൻ തന്റെ യജമാനനെ സേവിക്കുന്നത് കടമ മാത്രമാണെന്ന ചിത്രീകരണം നൽകുകയുണ്ടായി (ലൂക്കൊസ് 17:7–9). കർത്താവ് അവസാനിപ്പിക്കുന്നു, "നിങ്ങളോട് കല്പിച്ചതു ഒക്കെയും ചെയ്ത ശേഷം, ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ, ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ" (വാ. 10).

നമ്മോട് "കല്പിച്ചത് ഒക്കെയും ചെയ്യുവാൻ" നമുക്ക് ആർക്കും കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല (റോമർ 3:10; സങ്കീർത്തനങ്ങൾ 143:2 നോക്കുക). നമുക്ക് എല്ലാം ചെയ്യുവാൻ കഴിഞ്ഞാൽ *പോലും*, "നാം പ്രയോജനം ഇല്ലാത്ത" ദാസന്മാർ മാത്രമായിരിക്കും. ലൂക്കൊസ് 17:10 ഉറക്കെ പറയുന്നത് നമുക്ക് ദൈവത്തിന്റെ കരുണയും കൃപയും ആവശ്യമാണെന്നാണ്.

**യേശുവിനോടുള്ള നിങ്ങളുടെ മനോഭാവം ക്രമീകരിക്കുക (യോഹ. 11:1-54)**

ബെഥാന്യയിൽനിന്നുള്ള ഒരു സന്ദേശം യേശുവിന്റെ പെരെയയിലെ ശുശ്രൂഷ തടസപ്പെടുത്തി (വാ. 1), ആ സ്ഥലം യെരുശലേമിനടുത്തായിരുന്നു (വാ. 18). യേശുവിന്റെ സ്നേഹിതമാരായിരുന്ന മാർത്തയും മറിയയും,[9] തങ്ങളുടെ സഹോദരൻ ദീനമായി കിടക്കുന്നു എന്ന വിവരം അറിയിച്ചു (വാ. 3). അതിശയിപ്പിച്ചുകൊണ്ട്, ആ വിളിയോട് യേശു പ്രതികരിക്കുന്നതു രണ്ടു ദിവസം കഴിഞ്ഞാണ് (വാ. 6). അനാസ്ഥ കൊണ്ടായിരുന്നില്ല ആ താമസമെന്ന് യോഹന്നാൻ ഊന്നി പറഞ്ഞിരിക്കുന്നു; ക്രിസ്തു ആ മനുഷ്യനേയും അവന്റെ സഹോദരിമാരേയും സ്നേഹിച്ചിരുന്നു (വാ. 5). യേശു ബെഥാന്യയിലെത്തുന്നതിനു മുമ്പ് ലാസർ മരിക്കേണ്ടതിനുമായിരുന്നില്ല താമസിച്ചത്. എന്നാൽ വസ്തുത എന്തെന്നാൽ, യേശു ബെഥാന്യയിലെത്തുമ്പോഴേക്ക് ലാസർ മരിച്ചിട്ട് നാല് ദിവസം കഴിഞ്ഞിരുന്നു (വാ. 17, 39), അവർ വിളിച്ചപ്പോൾ തന്നെ യേശു പുറപ്പെട്ടിരുന്നാൽ തന്നെ മാനുഷികമായി അവൻ അവിടെ എത്തുമ്പോഴേക്ക് ലാസർ മരിച്ചിരിക്കും.[10] രണ്ടു ദിവസം താമസിച്ചത് ഒരുപക്ഷെ അവൻ മരിച്ചുകഴിഞ്ഞു എന്ന് *സംശയരഹിതമായി* ഉറപ്പിക്കുന്നതിനായിരിക്കാം (വാ. 39). അത് ഒരു പുനരുജ്ജീവനമായിരുന്നില്ല, പിന്നെയോ ഉയർത്തെഴുന്നേല്പായിരുന്നു.

താമസിക്കുവാനുള്ള കാരണം എന്തായാലും, ആ വിപത്തിൽനിന്നു,

യേശു ദൈവത്തിന്റെ പുത്രനായിരുന്നു എന്നു സംശയാതീതമായി തെളിയിക്കുകയായിരുന്നു ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും(വാ. 4, 15, 42). നിങ്ങൾ ആ സംഭവം വായിക്കുമ്പോൾ, "അതുകൊണ്ട്" എന്ന വാക്ക് ശ്രദ്ധിക്കുക (വാ. 16, 20, 32, 33, 45). പിന്തുടരുന്ന സംഭവങ്ങൾ മാത്രമല്ല, സംഭവിച്ച ഓരോന്നിനും ഓരോ കാരണം ഉണ്ടെന്നും ആ വാക്ക് ഉറപ്പിക്കുന്നു. ഒരു ദൈവിക ഉദ്ദേശം നടപ്പാക്കി.

ലാസറിന്റെ ഉയർപ്പിനെ "ക്രിസ്തുവിന്റെ ശുശ്രൂഷയിലെ അത്ഭുതങ്ങളുടെ പാരമ്യം" എന്നു വിളിച്ചിട്ടുണ്ട്.[11] യേശു മരിച്ചവരെ ഉയർപ്പിച്ച രണ്ടു സംഭവങ്ങൾ ഇതുവരെയും കാണുകയുണ്ടായി – നയീനിലെ വിധവയുടെ മകനെയും (ലൂക്കൊസ് 7:11–17) യായിറോസിന്റെ മകളെയും (മർക്കൊസ് 5:22–24, 35–43) – എന്നാൽ എഴുത്തുകാർ ആ സംഭവങ്ങൾ പറയുവാൻ വാക്കുകൾ സമൃദ്ധമായി ഉപയോഗിച്ചിട്ടുണ്ട്. ലാസറിന്റെ ഉയർപ്പും ശേഷം സംഭവങ്ങളും വിവരിക്കുവാൻ ഒരദ്ധ്യായം തന്നെ എടുത്തിട്ടുണ്ട്. ഈ ഉയർത്തെഴുന്നേൽപ് വ്യത്യസ്തമായിരുന്നു: അതു സംഭവിച്ചത് ഗലീലയിൽനിന്ന് അത്ര–ദൂരെ ആയിരുന്നില്ല, എന്നാൽ അതു നടന്നത്, യേശുവിന്റെ ശത്രുക്കളുടെ പിന്നിലുള്ള മുറ്റത്തായിരുന്നു. ആർക്കും നിഷേധിക്കുവാൻ പറ്റാത്ത ഒരത്ഭുതമായിരുന്നു അത് (യോഹന്നാൻ 11:47), ഒരു പ്രദേശം മുഴുവൻ അതിശയിച്ച അത്ഭുതമായിരുന്നു അത് (യോഹന്നാൻ 12:9), യേശുവിന്റെ ശത്രുക്കളിൽ പോലും അതു വിശ്വാസം ജനിപ്പിക്കുവാനിടയായി (യോഹന്നാൻ 11:45; 12:11). ക്രിസ്തുവിന്റെ അന്തിമസ്ഥാനം ഉറപ്പിച്ച പ്രത്യേക സംഭവമായിരുന്നു അത് (യോഹന്നാൻ 11:47–53).

**സഹോദരിയുടെ മനോഭാവം: ക്രിസ്തു ആശ്രയിക്കത്തക്കവൻ (വാ. 17-46)**

ആ സന്ദേശം ലഭിച്ച് രണ്ടുദിവസങ്ങൾക്ക് ശേഷം, യെഹൂദ്യയിലേക്ക് തിരിച്ച് പോകുവാനുള്ള അവന്റെ ഉദ്ദേശം യേശു അവരോട് അറിയിച്ചു (11:7).[12] അവിടെ സംഭവിച്ച ആപത്തിനെ കുറിച്ച് ശിഷ്യന്മാർ അവനെ ഓർപ്പിച്ചു (11:8; 10:31, 39). അവർക്ക് തങ്ങളുടെ യജമാനനെ പിന്തിരിപ്പിക്കുവാൻ കഴിയാതിരുന്നതുകൊണ്ട്, അവർ മരണത്തിലേക്കാണ് പോകുന്നതെന്നു തീർച്ചപ്പെടുത്തിയെങ്കിലും, അവനോടൊപ്പം പോകുവാൻ തീരുമാനിച്ചു (11:16).[13]

ക്രിസ്തു ബെഥാന്യയുടെ ഉൾപ്രദേശങ്ങളിൽ എത്തിയപ്പോൾ (വാ. 30), അവൻ മാർത്തയെ കണ്ടുമുട്ടി (വാ. 20). അവൾ അവനെ കണ്ടപ്പോൾ പറഞ്ഞ വാക്കുകൾ, പൊതുവിലുള്ള അവന്റെ ശക്തിയിൽ, പ്രത്യേകിച്ച് സൗഖ്യമാക്കുവാനുള്ള അവന്റെ ശക്തിയിൽ അവൾക്ക് വിശ്വാസം ഉണ്ടായിരുന്നു എന്നു വ്യക്തമാക്കുന്നു (വാ. 21, 22). തന്റെ സഹോദരനെ ഉയർപ്പിക്കുകയായിരുന്നു കർത്താവിന്റെ ഉദ്ദേശമെന്ന്, അവൾക്ക് ഒരു സൂചനയുമില്ലായിരുന്നു (വാ. 24, 39). ഓർമ്മിക്കത്തക്ക രണ്ടു പ്രസ്താവനകൾ അടങ്ങുന്നതായിരുന്നു മാർത്തയും യേശുവും തമ്മിലുള്ള സംഭാഷണം.

- *ധീരമായ ഉറപ്പിച്ചു പറയൽ*: യേശു അവളോട് പറഞ്ഞു, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും,[14] ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്ന വൻ ആരും ഒരുനാളും മരിക്കയില്ല.... "[15] (വാ. 25,

26). ക്രിസ്തുവിന്റെ "ഞാൻ" എന്ന മഹത്തായ പ്രസ്താവനകളിൽ മറ്റൊന്നാണിത്.[16] യേശു താൻ അവകാശപ്പെട്ടതുപോലെ അല്ലായിരുന്നുവെങ്കിൽ, പ്രസ്താവന ധിക്കാരസ്വരം മാത്രമാകുമായിരുന്നു: അവൻ ദൈവപുത്രൻ എന്നായിരുന്നു അവകാശപ്പെട്ടത്.

- *വിശ്വസിച്ചുകൊണ്ടുള്ള ഉറപ്പ്*: അവൾ അവനോട് പറഞ്ഞു, "... കർത്താവേ, ലോകത്തിലേക്ക് വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു" (വാ.27). യേശു ആരായിരുന്നു എന്നതിന്റെ ഉൾക്കാഴ്ച്ച നൽകുന്നതായിരുന്നു മാർത്തയുടെ മൂന്നുവിധത്തിലുള്ള ഏറ്റുപറച്ചിൽ. കൈസര്യയുടെ ഫിലിപ്പിയയിൽ വെച്ച് പത്രൊസ് നടത്തിയ ഏറ്റുപറച്ചലിനോട് യോജിക്കുന്നതാണ് ഈ ഏറ്റുപറച്ചൽ (മത്തായി 16:16).

മറിയ യേശുവിനോടും മാർത്തയോടും ചേർന്ന ശേഷം, വിലപിക്കുന്ന ഒരു കൂട്ടം ആളുകളോടൊപ്പം അവർ ലാസറിനെ വെച്ചിരുന്ന കല്ലറയിലേക്ക് പോയി. അവർ കണ്ണീരൊഴുക്കുന്നത് യേശു കണ്ടപ്പോൾ, "അവന്റെ ഉള്ളം നൊന്തു കലങ്ങി"[17] (യോഹന്നാൻ 11:33). പിന്നെ നമുക്ക് പലർക്കും പരിചയമുള്ള വാക്കുകൾ പുറത്തു വന്നു:[18] "യേശു കണ്ണുനീർ വാർത്തു" (വാ. 35). അവൻ കരഞ്ഞത് തനിക്ക് ഒരു സ്നേഹിതൻ നഷ്ടമായതുകൊണ്ടാണെന്നാണ് ചുറ്റും നിന്നവർ വിചാരിച്ചത് (വാ. 36), പക്ഷെ അത് അതുകൊണ്ടാകുവാൻ സാധ്യതയില്ല; കാരണം നിമിഷങ്ങൾക്കുശേഷം അവൻ യേശുവുമായി വീണ്ടും ചേരുകയാണ്. അവന്റെ പ്രിയപ്പെട്ട മറിയയും, മാർത്തയും കരഞ്ഞതുകൊണ്ടാണ് സ്പഷ്ടമായും യേശു കരഞ്ഞത്: അവരോടുള്ള സഹതാപം നിമിത്തമായിരുന്നു അവൻ കണ്ണുനീർ വാർത്തത്.[19] ഇന്ന്, "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ" അവങ്കലേക്ക് നോക്കുവാൻ നമുക്ക് കഴിയും (എബ്രായർ 4:15).

ക്രിസ്തുവിന് കല്ലറയുടെ കല്ല് നീക്കേണ്ടിയിരുന്നു (യോഹന്നാൻ 11:38, 39).[20] ദൈവത്തോട് പ്രാർത്ഥിച്ചശേഷം (വാ. 41,42), "ലാസറേ, പുറത്തു വരിക," എന്ന് അവൻ അത്യുച്ചത്തിൽ നിലവിളിച്ചു (വാ. 43). മെക്ഗാർവേ എഴുതി, "മറ്റുള്ളവർ എഴുന്നേറ്റുവരാതിരിപ്പാൻ, അവൻ ലാസറിനെ പേർ ചൊല്ലി വിളിച്ചു എന്നു സന്തോഷത്തോടെ പറയാം."[21] "കാലും കയ്യും ... ശീലകൊണ്ടുകെട്ടിയും മുഖം ... റൂമാൽകൊണ്ടു മൂടിയും ലാസർ പുറത്തു വന്നപ്പോൾ" ചുറ്റും നിന്ന പുരുഷാരത്തിനുണ്ടായ അത്ഭുതം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുമോ (വാ. 44)?

ഈ ശ്രദ്ധേയമായ സംഭവത്തിനു സാക്ഷ്യം വഹിച്ച ആളുകളെ യോഹന്നാൻ തിരിച്ചറിഞ്ഞത് "യെഹൂദന്മാർ" ആയിട്ടാണ് (വാ. 19, 31, 33). വിവരണത്തിന്റെ ഈ ഭാഗത്ത്, യോഹന്നാൻ ഈ പദപ്രയോഗം യെഹൂദപ്രമാണിമാരെ ഉദ്ദേശിച്ചാണ് പറഞ്ഞിട്ടുള്ളത്, അതാണ് ഇവിടെയും അർത്ഥമാക്കിയത്.[22] അവർ യെരുശലേമിൽനിന്നു ബെഥാന്യ വരെ വന്ന് മാർത്തയുടേയും, മറിയയുടേയും വിലാപത്തിൽ പങ്കുചേരുവാൻ വന്നു എന്നു പറയുമ്പോൾ, സമൂഹത്തിൽ ആ കുടുംബത്തിനുണ്ടായിരുന്ന ഉയർന്ന ആദരവ് വ്യക്തമാക്കുന്നു. കൂടാതെ ലാസറിനെ ആ പ്രദേശത്ത് ഉയർപ്പിച്ച

തിന്റെ അനന്തരഫലവും അതിനു മാറ്റു കൂട്ടുന്നു (യോഹന്നാൻ 12:9–11).

ആ "യെഹൂദന്മാർ" ആരായിരുന്നാലും, അവരിൽ ചിലർക്ക് സത്യസന്ധമായ ഹൃദയമുണ്ടായിരുന്നതുകൊണ്ട് അവരുടെ വിശ്വാസം ആ അത്ഭുതത്താൽ വർദ്ധിച്ചു (11:45). അവരുടെ കൂട്ടത്തിലുണ്ടായിരുന്ന മറ്റു ചിലർ യെരുശലേമിലേക്ക് മടങ്ങി പോയി "യേശു ചെയ്ത കാര്യങ്ങൾ" പരീശന്മാരോട് അറിയിച്ചു (വാ. 46).

**ന്യായാധിപസഭയുടെ മനോഭാവം:**
**ഇല്ലാതാക്കുവാൻ മൽസരിച്ചു (വാ. 47-54)**

ന്യായാധിപസഭയുടെ പ്രത്യേക യോഗം വിളിച്ചു (വാ. 47),[23] "മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റുവന്നാലും നിങ്ങൾ വിശ്വസിക്കുകയില്ല," എന്ന് ക്രിസ്തു പറഞ്ഞിട്ട് അധികസമയമായിട്ടില്ലായിരുന്നു (ലൂക്കൊസ് 16:31). മരിച്ചവരിൽനിന്നു ലാസർ ഉയർത്തെഴുന്നേറ്റു വന്നിട്ടുപോലും കഠിനഹൃദയരായ യെഹൂദപ്രമാണിമാരിൽ വിശ്വാസം ജനിപ്പിച്ചില്ല, പകരം അത് അവരെ പരിഭ്രാന്തിയിലാക്കി.

ശരിക്കും യേശു അത്ഭുതം ചെയ്തോ അല്ലെങ്കിൽ അവൻ അവകാശപ്പെട്ടത് ശരിയാണോ അതോ തെറ്റാണോ എന്നതായിരുന്നില്ല അവരുടെ വിചാരം.[24] അവർക്ക് അവരുടെ ജോലിയും അഭിമാന നിലവാരവുമായിരുന്നു വിചാരം (വാ. 48 നോക്കുക). യേശു ഉടനെ നിർത്തിയില്ലായിരുന്നുവെങ്കിൽ ദേശം മുഴുവൻ കുഴപ്പത്തിലാകുമായിരുന്നു. അതു ദേശത്ത് കൂടുതൽ കർക്കശമായ നിലപാട് എടുക്കുവാൻ റോമാക്കാരെ പ്രേരിപ്പിച്ചിരുന്നേക്കാം – അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ (ഭയങ്കരത്വമോ, അല്ലെങ്കിൽ ഭീകരത്വങ്ങളോ!) അവരുടെ സ്ഥാനങ്ങളും അധികാരവും നഷ്ടമാകുമായിരുന്നു.

അവരുടെ പ്രശ്നത്തിനു അവർ ഒരു വഴിയേ കണ്ടുള്ളു: യേശു മരിക്കണം. മഹാപുരോഹിതനായിരുന്ന കയ്യഫാവ്[25] ന്യായാധിപസഭയോട് പറഞ്ഞു, "... ജനം മുഴുവൻ നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കു വേണ്ടി മരിക്കുന്നത് നന്നു എന്നു ഓർക്കുന്നതുമില്ല." (വാ. 50).

കയ്യഫാവ് അങ്ങനെ ഉദ്ദേശിച്ചതിനു കാരണം, യേശുവിനെ മരണത്തിനു വിധിച്ചാൽ മാത്രമേ യെഹൂദന്മാരെ പ്രീതിപ്പെടുത്തി റോമൻ അധിനിവേശത്തിൽ തങ്ങളുടെ അധികാരം നിലനിർത്തുവാൻ കഴിയു എന്നതാണ്. എങ്ങനെയായാലും, യോഹന്നാൻ നിരീക്ഷിച്ചത് ദൈവം, കയ്യഫാവിന്റെ ഓഫീസ് മുഖാന്തരം തികച്ചും വ്യത്യസ്തമായ ദോഷാദർശമായ ശബ്ദം കേൾപ്പിച്ചു എന്നാണ്. "ക്രിസ്തു യിസ്രായേലിനും, സകല ജാതികൾക്കും വേണ്ടി മരിക്കേണ്ടതാണെന്ന് കയ്യഫാവ് അറിയാതെ പ്രവചിക്കയായിരുന്നു. ..."[26]

"അന്നുമുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു" (വാ. 53; 11:57 നോക്കുക). കുറെ സമയത്തേക്ക് ചിലർ യേശുവിനെ കൊല്ലുവാൻ തീരുമാനിച്ചിരുന്നു (യോഹന്നാൻ 5:18; 7:1 നോക്കുക), എന്നാൽ ഇതു വ്യത്യസ്തമായിരുന്നു. മുൻ ആക്രമണങ്ങൾ അപൂർവ്വമായിരുന്നു; ഇപ്രാവശ്യം ക്രിസ്തു മരിക്കാതെ അവന്റെ ശത്രുക്കൾ അടങ്ങിയിരിക്കുകയില്ല എന്ന നിലയിലെത്തി. മുൻപു യേശുവിനെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിച്ചത് വ്യക്തിപരവും അനൗപചാരികവുമായ കാരണങ്ങളാലായിരുന്നു, അതുകൊണ്ട് ആ ശ്രമം ന്യായാധിപസഭയുടെ പരിധിയിലൊതുങ്ങി.

മുഖ്യവ്യത്യാസം, ഉടനെ പ്രകടമായിരുന്നില്ല. മുൻപ്, യേശുവിനെ നശി

പ്പിക്കുവാനുള്ള ആക്രമണത്തിനു മുൻകൈ എടുത്തതു *പരീശന്മാരായി* രുന്നു (മർക്കൊസ് 3:6), എന്നാൽ ന്യായാധിപസഭയെ നിയന്ത്രിച്ചിരുന്നത് സദൂക്യരായിരുന്നു.[27] സദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല (മത്തായി 22:23) അതുകൊണ്ട് ലാസറിനെ മരിച്ചവരിൽനിന്നുയർപ്പിച്ചു എന്ന വാർത്ത അവർക്കിടയിൽ ചിന്താക്കുഴപ്പമുണ്ടാക്കി. അന്നുമുതൽ യേശുവിനെ വകവരുത്തുവാൻ *സദൂക്യർ* മുന്നിട്ടിറങ്ങി. പരീശന്മാർക്ക് ചെയ്യുവാൻ കഴി യാതിരുന്ന രാഷ്ട്രീയ സ്വാധീനം സദൂക്യർക്കുണ്ടായിരുന്നു.

ഒരിക്കൽകൂടെ, യേശു യെരുശലേമിന്റെ കാഴ്ച്ചയിൽനിന്നു പിൻവാങ്ങി. അവനും തന്റെ ശിഷ്യന്മാരും, യെഹൂദ്യാ മരുഭൂമിക്കടുത്തുള്ള എഫ്രയിമി ലേക്ക് പിൻവാങ്ങി പോയി (വാ. 54). യെഹൂദ്യാ താഴ്വരയിലേക്ക് നയിക്കുന്ന പരുപരുത്ത യുദ്ധക്കളമാകുവാനിടയുള്ള സ്ഥലത്തിനടുത്തായി, യെഹൂദ്യ യുടെ വടക്കു കിഴക്കായിട്ടാണ് ഈ ചെറിയ ടൗൺ സ്ഥിതി ചെയ്തിരുന്ന തെന്നാണ് പല എഴുത്തുകാരും വിചാരിക്കുന്നത്.[28]

### അനുഗ്രഹങ്ങളോട് നിങ്ങളുടെ മനോഭാവത്തെ ക്രമീകരിക്കുക (ലൂക്കൊ. 17:11-19; യോഹ. 11:55)

എഫ്രയിമിൽ യേശു എത്ര നാൾ പാർത്തു എന്ന് നമുക്ക് അറിയില്ല. എപ്പോഴോ അവനും അവന്റെ അപ്പൊസ്തലന്മാരും വടക്കോട്ട് സഞ്ചരിച്ചു. ലൂക്കൊസ് പറയുന്നതനുസരിച്ച്, "അവൻ യെരുശലേമിലേക്ക് യാത്ര ചെയ്ക യിൽ ശമര്യക്കും ഗലീലക്കും[29] നടുവിൽകൂടി കടന്നു പോയി" (17:11). ഒരു പക്ഷെ ശമര്യയിലും ഗലീലയിലുമുള്ള ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നതി നാകാം അവൻ വീണ്ടും അവിടേക്ക് പോയത്.

### യേശു തന്റെ യെരുശലേമിലേക്കുള്ള യാത്ര തുടങ്ങി (ലൂക്കൊ. 17:11; യോഹ. 11:55)

അവസാനം, പെസഹാ പെരുന്നാളിനുള്ള സമയം അടുത്തപ്പോൾ, തീർത്ഥാടകർ യെരുശലേമിലേക്ക് ഒഴുകുവാൻ തുടങ്ങി (യോഹന്നാൻ 11:55). യോർദ്ദാൻ നദിയുടെ കിഴക്കെ തീരത്തുകൂടെ വന്ന തീർത്ഥാടനസംഘത്തോട് ചേർന്നായിരിക്കാം ക്രിസ്തുവും അപ്പൊസ്തലന്മാരും യാത്ര തിരിച്ചത്.[30] ചുരു ങ്ങിയത്, അവൻ യാത്ര ചെയ്തപ്പോൾ ഒരു സംഘമെങ്കിലും അവനു ചുറ്റും യാത്ര ചെയ്തിരിക്കും. പെരുന്നാളിനുള്ള ആ യാത്രയിൽ, "നിന്റെ പ്രവൃ ത്തികൾ ശിഷ്യന്മാർ കാണേണ്ടതിന്നു യെഹൂദ്യയിലേക്ക് പോക ... എന്ന് [യോഹന്നാൻ 7:1–6], അവന്റെ സഹോദരന്മാർ മുൻപ് അവനോട് പറഞ്ഞി രുന്നു."[31] യെരുശലേമിലേക്കുള്ള യേശുവിന്റെ ഈ അവസാന യാത്രയിലെ അവന്റെ ഉപദേശങ്ങളും പ്രവൃത്തികളും ഈ പാഠത്തിന്റെ ശേഷിച്ച ഭാഗത്തും അടുത്ത രണ്ടു പാഠങ്ങളിലും വിവരിക്കുന്നുണ്ട് (ലൂക്കൊസ് 17:11).

### യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്ര തടസപ്പെട്ടു (ലൂക്കൊ. 17:11-19)

ആ യാത്രയിലെ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ സംഭവം നടന്നത്, ശമ ര്യയുടെയും ഗലീലയുടെയും അതിരിനപ്പുറത്തുള്ള, പെരെയയുടെ വടക്കു ഭാഗത്തായിരുന്നു (വാ. 11).[32] ഒരു ഗ്രാമത്തിൽ വെച്ച് യേശു പത്തു കുഷ്ഠ രോഗികളെ കണ്ടുമുട്ടി (വാ. 12, 13). ഒരാൾ ശമര്യക്കാരനായിരുന്നു (വാ.

16), മറ്റുള്ളവർ ഒരുപക്ഷെ യെഹൂദന്മാർ ആയിരുന്നേക്കാം. ഭേദമാകാത്ത ഒരു രോഗം വർഗീയ മതിലുകൾ ഇടിച്ചുകളയുമാറാക്കി (യോഹന്നാൻ 4:9).

ക്രിസ്തു ആ പത്തുപേരെയും സൗഖ്യമാക്കിയശേഷം (വാ. 14), ആ ശമര്യക്കാരൻ മാത്രമേ നന്ദി പ്രകടിപ്പിക്കുവാൻ മടങ്ങി വന്നുള്ളു (വാ. 15, 16). തന്റെ അനുഗ്രഹങ്ങൾ ലഭിച്ചിട്ട് നന്ദി പ്രകാശിപ്പിക്കയോ ദൈവത്തെ മഹത്വപ്പെടുത്തുകയോ ചെയ്യാത്തവരെ കുറിച്ച് കർത്താവിന്റെ പ്രതികരണം അവൻ വ്യക്തമാക്കിയിരിക്കുന്നു: "പത്തുപേർ ശുദ്ധരായിത്തീർന്നില്ലയോ? ഒമ്പതുപേർ – എവിടെ?" (വാ. 17). "സ്തോത്രത്തിൽ നാം ജാഗരിക്കണം" എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (കൊലൊസ്യർ 4:2). മറ്റുള്ളവർ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം "നന്ദിയുള്ള മനോഭാവം" എന്നാണ്.

## ദൈവവാഗ്ദാനങ്ങളോട് നിങ്ങളുടെ മനോഭാവം ക്രമീകരിക്കുക (ലൂക്കൊ. 17:20-37)

### ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുക (വാ. 20, 21)

യേശു പുരുഷാരത്തോടൊപ്പം സഞ്ചരിച്ചിരുന്നപ്പോഴെല്ലാം, അവനെ വിമർശിച്ചിരുന്ന പരീശന്മാരുമുണ്ടായിരുന്നു. "ദൈവരാജ്യം എപ്പോഴാണ് വരുന്നത്?'' എന്ന് അവർ അവനോട് ചോദിച്ചു (വാ. 20). അതു ഒരുപക്ഷെ അവനെ അപകീർത്തിപ്പെടുത്തുവാൻ, കളിയാക്കലിന്റെ ഭാഗമായി ചോദിച്ചതാകാം (ലൂക്കൊസ് 11:54).[33] അവർ ഇതുപോലെയുള്ള വാക്കുകളാൽ അവനെ കുടുക്കുവാൻ ശ്രമിച്ചത് ഊഹിക്കുവാൻ ഒരു പ്രയാസവുമില്ല: "നീ നിന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ പറഞ്ഞത് ദൈവരാജ്യം 'ആസന്നമായിരിക്കുന്നു' എന്നാണല്ലൊ" [മത്തായി 3:2]. ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞിട്ടും, അതിന്റെ ഒരു ലക്ഷണവും കാണുന്നില്ലല്ലൊ. മറ്റു യെഹൂദന്മാരെ പോലെ, ഇവരുടെ മനസിലും ജയാരവത്തോടെ വരുന്ന ഭൗതികരാജ്യമായിരുന്നു.

ശ്രദ്ധേയമായ ക്ഷമ കാണിച്ചുകൊണ്ട്, ക്രിസ്തു വീണ്ടും, തന്റെ രാജ്യത്തിന്റെ ആത്മിയസ്വഭാവം വ്യക്തമാക്കി. ആദ്യം അവൻ പറഞ്ഞു, "ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്'' (ലൂക്കൊസ് 17:20). ആന്തരിക പരിവർത്തനത്തിനു പകരം, യെഹൂദന്മാർ ബാഹ്യമായ അടയാളമായിരുന്നു നോക്കിയിരുന്നത്. യേശുവിന്റെ വാക്കുകൾക്ക് ഇപ്പോഴും പ്രായോഗികതയുണ്ട്. ''ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നതു'' എന്നു പറഞ്ഞുകൊണ്ട് ''യേശു പ്രവചനങ്ങളും, ആനുകാലികസംഭവങ്ങളും, അവന്റെ മടങ്ങിവരവിന്റെ സമയവും താരതമ്യപ്പെടുത്തി പ്രവചിക്കുവാനുള്ള എല്ലാ ശ്രമങ്ങളും നിർത്തി പുസ്തകം അടച്ചുവെച്ചു... ."[34]

പിന്നെ കർത്താവ് പറഞ്ഞു, "ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലൊ" (വാ. 21). "നിങ്ങളുടെ ഇടയിൽ" എന്നതു ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്നതിനർത്ഥം "നിങ്ങൾക്കുള്ളിൽ" എന്നാണ് (കെ. ജെവി നോക്കുക). ആ അർത്ഥമാണ് യേശു ഇവിടെ പറഞ്ഞിരിക്കുന്ന രാജ്യത്തിനു (ദൈവഭരണം) ഉള്ളതെങ്കിൽ, ദൈവരാജ്യം ബാഹ്യമല്ല, നിത്യമാണ്. എങ്ങനെയായാലും, ആ വാക്കുകൾ പരീശന്മാർക്ക് പ്രായോഗികമാക്കുമ്പോൾ, "ഉടനെ നിങ്ങളുടെ ഇടയിൽ" എന്നതു വളരെ ശരിയാണ്. ദൈവരാജ്യം/സഭ സ്ഥാപിക്കുവാൻ പോകുന്നത് ഏതാനും ആഴ്ചകൾക്ക് ശേഷമാണെങ്കിലും,[35] പെട്ടെന്ന് രാജാക്കളുടെ–രാജാവായി–തീരുവാനിരിക്കുന്ന ആൾ

**ദൈവം വാഗ്ദാനം ചെയ്തതിനായി ഒരുങ്ങുക (വാ. 22-37)**

ക്രിസ്തു തന്റെ ശ്രദ്ധ ശത്രുക്കളിൽനിന്നു ശിഷ്യന്മാരിലേക്ക് തിരിച്ച് തന്റെ രണ്ടാം വരവിനെ കുറിച്ച് അവരോട് പറഞ്ഞുതുടങ്ങി. എല്ലാ അവിശ്വാസികളും ശിക്ഷിക്കപ്പെടും എന്ന് യേശു അവരെ ഓർപ്പിക്കുവാൻ കാരണം പരീശന്മാരുടെ സംശയം നിമിത്തമായിരിക്കാം. ലോകം അവരെ പകക്കുകയും അവസാനം അവർ നീതീകരിക്കപ്പെടുകയും ചെയ്യുമെന്ന് അവർ ധരിച്ചിരുന്നേക്കാം. ശിഷ്യന്മാർക്ക് നേരിടുവാനുള്ള ഉപദ്രവത്തെ അവൻ മുന്നറിയിക്കുവാനുള്ള കാരണം പരീശന്മാർ അവനെ ക്ലേശിപ്പിച്ചിരുന്നതുകൊണ്ടാകാം. വിഷയം മാറ്റുവാനുള്ള കാരണം എന്തായാലും, ലോകാവസാനം നടക്കുവാനിരിക്കുന്ന അവന്റെ വീണ്ടും വരവിനെ കുറിച്ച് വിപുലമായ ഒരു പ്രസംഗം തന്നെ അവൻ നടത്തി. അവൻ തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു:

- അവന്റെ വരവ് നോക്കി പാർത്തിരിക്കുന്നവർക്ക് കാണത്തക്ക വണ്ണം ആയിരിക്കും (വാ. 22), അവൻ രഹസ്യമായി വന്നു എന്ന് തെറ്റിദ്ധരിക്കുവാനിടയാകരുത്; കാരണം അവൻ വരുന്നത് എല്ലാവരും അറിയും (വാ. 27–30).
- അവന്റെ വരവ് അപ്രതീക്ഷിതമായിരിക്കും (വാ. 27–30). അതുകൊണ്ട് ഒരുങ്ങാത്തവരെ അന്നു പിടിക്കും (വാ. 34–36).

ഈ അവസരത്തിലെ ക്രിസ്തുവിന്റെ പ്രസംഗം പിന്നീട് വരുവാനിരിക്കുന്ന ഉപദേശത്തെ സൂചിപ്പിക്കുന്നതായിരുന്നു. അതു മത്തായി 24 ലേതുപോലെ ആയിരുന്നു,[36] അതു അവന്റെ രണ്ടാം വരവിനേയും യെരുശലേമിന്റെ നാശത്തെയും സംബന്ധിച്ചുള്ളതായിരുന്നു (മത്തായി 24:1–3 നോക്കുക). മത്തായി 24–ൽ രണ്ടു സംഭവങ്ങളും കെട്ടിമറിഞ്ഞു കിടക്കുന്നതായി തോന്നുന്നു.[37] അതുപോലെ, ലൂക്കൊസ് 17:22–37 ലെ ഭാഷ യെരുശലേമിന്റെ നാശത്തെ സൂചിപ്പിക്കുന്നതായിരുന്നേക്കാം, അതു രണ്ടാം വരവിന്റെ ഒരു നിഴലായും കണക്കാക്കാം.[38]

ആ പ്രസംഗത്തിന്റെ ഒരു മുഖ്യ പ്രസ്താവന വാക്യം 25–ൽ കാണാം: “എന്നാൽ അവൻ ആദ്യം വളരെ കഷ്ടം അനുഭവിക്കയും ഈ തലമുറ അവനെ തള്ളിക്കളകയും വേണം.” ഭാവിയിൽ ആവേശകരമായ ദിനങ്ങൾ വരുവാനിരിക്കുന്നു എങ്കിലും, *ആദ്യം* അവൻ മരിക്കേണ്ടതാണ് എന്ന വസ്തുത തന്റെ ശിഷ്യന്മാർ അറിയാതിരിക്കരുത് എന്ന് അവൻ ആഗ്രഹിച്ചു.

## പ്രാർത്ഥനയോടുള്ള നിങ്ങളുടെ മനോഭാവം ക്രമീകരിക്കുക (ലൂക്കൊ. 18:1-14)

പ്രയാസമുള്ള ഘട്ടങ്ങൾ ക്രിസ്തുവിനും (ലൂക്കൊസ് 17:25) അവന്റെ ശിഷ്യന്മാർക്കും (18:7) – വരുമ്പോൾ അതിജീവിക്കുവാൻ ദൈവത്തോട് അടുത്താൽ മാത്രമേ കഴിയു. യേശു പിന്നെ പ്രാർത്ഥന എന്ന വിഷയത്തിലേക്ക് തിരിഞ്ഞു.

**ദൈവത്തിൽ ആശ്രയിക്കുക (വാ. 1-8)**

“മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന് അവൻ

അവരോട് ഒരു ഉപമ പറഞ്ഞു" (വാ. 1). "ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപനെ" കുറിച്ചാണ് അവൻ പറഞ്ഞത് (വാ. 2), എങ്കിലും ഒരു വിധവ അയാളെ അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നതു കൊണ്ട് അയാൾ അവളുടെ അപേക്ഷ സ്വീകരിച്ചു (വാ. 3–5).[39] കഠിനഹൃദയനായ ഒരു ന്യായാധിപന്റെ മനസിനെ മാറ്റുവാൻ ഒരു വിധവയുടെ മടുത്തുപോകാത്ത അപേക്ഷക്ക് കഴിഞ്ഞു എങ്കിൽ, പിതാവായ ദൈവം തന്റെ മക്കളുടെ അപേക്ഷ എത്രത്തോളം കൈക്കൊള്ളും എന്നതാണ് പൊതുവായ പ്രായോഗികത! ക്രിസ്തുവിനും തന്റെ ശിഷ്യന്മാരോട് ഒരു പോയിന്റ് നൽകുവാനുണ്ടായിരുന്നു:അവർക്ക് എതിരുണ്ടായപ്പോൾ, മടുത്തുപോകുന്നതിനു പകരം, അവർ ദൈവത്തിൽ ആശ്രയിക്കണം, കാരണം അവൻ അവസാനം അവർക്ക് നീതി നടപ്പിലാക്കും (വാ. 7, 8).[40]

തന്റെ അനുയായികൾ സഹിക്കേണ്ടതായ സമ്മർദ്ദം അറിഞ്ഞുകൊണ്ട്, യേശു ഉറക്കെ പറഞ്ഞു, "... മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (വാ. 8). സന്ദർഭത്തിൽ, ഇതിനർത്ഥം, "ജീവിതത്തിൽ പ്രയാസം നേരിടുമ്പോഴും, ദൈവത്തോട് നിരന്തരമായി പ്രാർത്ഥിക്കുന്ന ഒരു വിശ്വാസം കാണുമോ?" എന്നാണ്.[41]

### നിങ്ങളിൽ തന്നെ ആശ്രയിക്കരുത് (വാ. 9-14)

വെറുതെ പ്രാർത്ഥിച്ചാൽ മാത്രം പോരാ; നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് ശരിയായ മനോഭാവം വേണം. അതുകൊണ്ട് ക്രിസ്തു രണ്ടാമത് ഒരു ഉപമ നൽകി. "തങ്ങൾ നീതിമാന്മാരെന്ന് ഉറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്നവരെ കുറിച്ചുള്ള ഉപമയായിരുന്നു അത് " (വാ. 9). അതു പരീശന്മാരെ കുറിച്ചുള്ള സാന്ദ്രമായ വിവരണം ആയിരുന്നു, പക്ഷെ ആ സ്വയം–നീതീകരിക്കുന്ന അദ്ധ്യക്ഷന്മാരുടെ സ്വാധീനത്തിലകപ്പെടുന്ന മറ്റുള്ളവരെ കുറിച്ചും കർത്താവിനു വിചാരമുണ്ടായിരുന്നു (ലൂക്കൊസ് 12:1).[42]

"ആത്മഗതത്തിൽ സ്വയം–അനുമോദിക്കുന്ന രീതിയിൽ പ്രാർത്ഥിക്കുന്ന പരീശന്റെ പ്രാർത്ഥന"[43] മിക്കവാറും എല്ലാവർക്കും സുപരിചിതമാണ് (വാ. 11, 12). അവനു നേരെ വിപരീതമായിരുന്നു ചുങ്കക്കാരന്റേത് (ചുങ്കം പിരിക്കുന്നവൻ), അവൻ ലളിതമായി "ദൈവമേ ഈ പാപിയായ എന്നോട് കരുണയുണ്ടാകേണമേ" (വാ. 13). യേശു ആ കഥ അവസാനിപ്പിക്കുന്നു, "അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. മറ്റവൻ അങ്ങനെയല്ല, തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (വാ. 14).[44] നാം പ്രാർത്ഥിക്കുമ്പോൾ, നമുക്ക് താഴ്മ എന്ന മനോഭാവം ഉണ്ടാകണം.

### ഉപസംഹാരം

ഒരു മനോഭാവ പരിശോധനക്കുള്ള സമയമായി. പൗലൊസ് കൊരിന്ത്യരോടു പറഞ്ഞു, "നിങ്ങൾ സകലത്തിലും അനുസരണയുള്ളവരോ എന്ന്... പരീക്ഷിച്ചറിയേണ്ടതിന് ഞാൻ എഴുതിയിരിക്കുന്നു" (2 കൊരിന്ത്യർ 2:9). ആംപ്ലിഫൈഡ് വെർഷൻ ഇങ്ങനെ വിപുലപ്പെടുത്തിയിരിക്കുന്നു: "നിങ്ങളുടെ *മനോഭാവം* പരിശോധിക്കുക." (എംഫസിസ് മൈൻ.) ശരിയായ മനോഭാവം നിലനിർത്തുവാൻ നിങ്ങൾ വിഷമിക്കുന്നുണ്ടായിരിക്കാം; എന്റെ നിരന്തരമായ പോരാട്ടങ്ങളിൽ ഒന്നാണ് ഇത്. നേരെ മറിച്ച്, നിങ്ങൾ എപ്പോഴെ

ങ്കിലും *മോശമായ മനോഭാവത്തി*ലായിരുന്നിട്ടുണ്ടോ എന്ന് നിങ്ങളുടെ വിശ്വസിക്കാവുന്ന ഏറ്റവും നല്ല സ്നേഹിതനോട് ചോദിക്കുക. എല്ലാറ്റിലുമുപരി, നിങ്ങളുടെ ഹൃദയവും മനോഭാവവും പരിശോധിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുക (സങ്കീർത്തനങ്ങൾ 26:2; യിരെമ്യാവ് 12:3).

നമുക്ക് ഓരോരുത്തർക്കും അവന്റെ അല്ലെങ്കിൽ അവളുടെ മനോഭാവം നന്നാക്കുവാൻ എന്തു ചെയ്യുവാൻ കഴിയും? ഏറ്റവും നല്ല ഉത്തരം ഒരുപക്ഷെ ഫിലിപ്പിയർ 4:8–ൽ കാണാം: "ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായത് ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായത് ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ." കെജെവിയിൽ "ഈ കാര്യങ്ങളെ കുറിച്ചു ചിന്തിച്ചുകൊൾവിൻ" എന്നാണ്. മോശമായ മനോഭാവം നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നകറ്റുവാനുള്ള ഏറ്റവും നല്ല വഴി ക്രിയാത്മകവും നല്ലതുമായ മനോഭാവം കൊണ്ടു ഹൃദയത്തെ നിറക്കുക എന്നതാണ്.

കർത്താവിന്റെ മനോഭാവം വളർത്തിയെടുക്കുക എന്നതാണ് വെല്ലുവിളി. പൗലൊസ് എഴുതി, "ക്രിസ്തുയേശുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലിപ്പിയർ 2:5). പൂർണ്ണമായും ആ ലക്ഷ്യത്തിലെത്തുവാൻ നമുക്ക് സാധ്യമല്ല; എന്നാൽ നാം കൂടുതൽ അടുക്കുന്തോറും നമുക്ക് സമാധാനമുണ്ടാകുകയും നാം മറ്റുള്ളവർക്ക് കൂടുതൽ അനുഗ്രഹമായി തീരുകയും ചെയ്യും.

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിലെ വേദഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾക്ക് ഏതാനും സാധ്യതകൾ ഇതാ. ദൈവത്തിന്റെ കൃപയുടെ ആവശ്യത്തെ കുറിച്ചു പ്രസംഗിക്കുവാൻ ലൂക്കൊസ് 17:7–10 ഉപയോഗിക്കുക ("നാം അയോഗ്യരായ ദാസന്മാർ"). ലാസറിനെ ഉയർപ്പിച്ചതിനെ കുറിച്ച് ഒരു ആഖ്യാന പ്രസംഗം തയ്യാറാക്കുക (യോഹന്നാൻ 11:1–46). മടുപ്പില്ലാത്ത വിധവയുടെ ഉപമ ഉപയോഗിച്ച് (ലൂക്കൊസ് 18:1–8) നിരന്തരമായി പ്രാർത്ഥിക്കേണ്ടതിനെ സംബന്ധിച്ച് പ്രസംഗിക്കുക. ചുങ്കക്കാരന്റേയും പരീശന്റേയും പ്രാർത്ഥനയുടെ ഉപമ ഉപയോഗിച്ച് (ലൂക്കൊസ് 18:9–14) താഴ്മയെ കുറിച്ച് പ്രസംഗിക്കുക ("ദൈവമേ, കരുണ കാണിക്കേണമേ" എന്ന അടുത്ത പാഠം നോക്കുക). ഈ വെളിപ്പെടുത്തൽ പ്രസംഗങ്ങൾക്കു പുറമെ, വിഷയാത്മകമായ പ്രസംഗങ്ങളായ താഴെ കൊടുത്തിരിക്കുന്ന സ്പ്രിങ്ങ്ബോർഡുകൾ അവതരിപ്പിക്കാം: "കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമെ" (ലൂക്കൊസ് 17:5)."യേശു അവരെ സ്നേഹിച്ചിരുന്നു" (യോഹന്നാൻ 11:5; നമുക്ക് എല്ലാവർക്കും സ്നേഹിതന്മാർ ആവശ്യമാണ്). "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" (യോഹന്നാൻ 11:25); "ലോത്തിന്റെ ഭാര്യയെ ഓർക്കുക" (ലൂക്കൊസ് 17:32).

---

കുറിപ്പുകൾ

[1] "നാടൻ പാട്ടും പാശ്ചാത്യ സംഗീതവും" പരിചയമുള്ള ആളുകളുള്ള പ്രദേശത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ, "മനോഭാവത്തെ ക്രമീകരിക്കുക" എന്ന "നാടൻ പാട്ടും

പാശ്ചാത്യ സംഗീതവും" ഉപയോഗിക്കാം. [2]യേശുവിന്റെ മുന്നുപദേശങ്ങളെ നാം വിശദമാക്കികഴിഞ്ഞവ മിക്കവയും ഈ പാഠത്തിൽ ഉയർന്നു നിൽക്കുന്നുണ്ട്, ലൂക്കൊസിന്റെ ഈ ഭാഗത്തിൽ ആ സത്യം പൊതുവായി കാണാം. ഉദാഹരണത്തിനു, ലൂക്കൊസ് 17:1 മത്തായി 18:7, 10മായും ലൂക്കൊസ് 17:2 മത്തായി 18:6 മായും താരതമ്യം ചെയ്യുക. [3]"ഈ ചെറിയവർ" എന്നതിന്റെ ചർച്ചക്ക് *ക്രിസ്തുവിന്റെ ജീവിതം*, 4 ലെ "ശിഷ്യത്വത്തിന്റെ അടയാളം" എന്ന പാഠം നോക്കുക. [4]ഈ അവതരണത്തിൽ വേദഭാഗത്തിന്റെ പ്രായോഗികത പരിമിതപ്പെടുത്തുവാനേ സ്ഥലം അനുവദിക്കുന്നുള്ളു. പാഠത്തിലും കുറിപ്പുകളിലും ഏതാനും നിർദ്ദേശങ്ങൾ കാണാം. നിങ്ങൾ ഇതു ഉപദേശിക്കുമ്പോൾ നിങ്ങൾക്കു വേണമെങ്കിൽ കൂടുതൽ പ്രായോഗികത നല്കി വിപുലപ്പെടുത്താം. [5]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 517. [6]ഇതിനെ മത്തായി 18:21–25 മായി താരതമ്യം ചെയ്യുക. ഒരാൾ "മാനസാന്തരപ്പെടാതെ" അയാളോട് ക്ഷമിക്കുവാനുള്ള കടമ നമുക്ക് ഇല്ല എന്ന് ചിലർ ലൂക്കൊസ് 17:3, 4 എടുത്ത് പഠിപ്പിക്കാറുണ്ട് (അതായത്, പാപക്ഷമ), എന്നാൽ ആ വേദഭാഗം അതല്ല പഠിപ്പിക്കുന്നത്. അതു പറയുന്നത്, അയാൾ മാനസാന്തരപ്പെടുന്നു *എങ്കിൽ* അയാളോട് ക്ഷമിക്കണം – അയാൾ മാനസാന്തരപ്പെടുന്നത്വരെ കാത്തിരിക്കാതെ,–നാം അയാളോട് ക്ഷമിക്കണം എന്നാണ് പറയുന്നത്. മത്തായി 18:21–35 അത്തരം നിബന്ധന നൽകിയിട്ടില്ല. [7]നേരിടുവാൻ വിഷമമുള്ള പല വെല്ലുവിളികളും കർത്താവ് നല്കിയിട്ടുണ്ട്. "എന്റെ വിശ്വാസം വർദ്ധിപ്പിക്കേണമേ" എന്നു നാം എല്ലാം വിളിച്ചു പറയണം. [8]"അത്തിവൃക്ഷം" എന്നു സൂചിപ്പിച്ചിരിക്കുന്നത് ആഴത്തിൽ–വേരൂന്നിയിരിക്കുന്നതും വലിച്ചിളക്കുവാൻ പറ്റാത്തതുമായ വൃക്ഷമായിട്ടാണ്. ലൂക്കൊസ് 17:6 മത്തായി 17:20 മായി താരതമ്യം ചെയ്യുക. മത്തായി 17:20 ന്റെ വിശദീകരണത്തിനു *ക്രിസ്തുവിന്റെ ജീവിതം*, 4 ലെ "എന്റെ അവിശ്വാസത്തിന് സഹായിക്കേണമേ" എന്ന പാഠം നോക്കുക. [9]മുൻപ് നാം ലൂക്കൊസ് 10:38–42 ൽ മാർത്തയെയും മറിയയെയും കാണുകയുണ്ടായി. മറിയയെ യോഹന്നാൻ 11:2–ൽ നാം തിരിച്ചറിയുന്നുണ്ട്, പിന്നീട് മറ്റൊരവസരത്തിലും (യോഹന്നാൻ 12:3 നോക്കുക) കാണുന്നില്ല. [10]നാലു ദിവസം എന്നു പറഞ്ഞിരിക്കുന്നത് (വാ. 17) നാലു മുഴുവൻ ദിവസമായിരുന്നോ എന്നു നമുക്ക് അറിയില്ല, അല്ലെങ്കിൽ രണ്ടു ദിവസത്തെ താമസം എന്നു പറഞ്ഞിരിക്കുന്നതു രണ്ടു മുഴുവൻ ദിവസമായിരുന്നോ എന്ന് നമുക്ക് അറിയില്ല (വാ. 6). എന്നാൽ ലാസർ മരിക്കുന്നതിനു മുൻപ് യേശുവിനു ബെഥാന്യയിൽ എത്തുവാൻ പ്രയാസമായിരുന്നു. അവയെല്ലാം മുഴുവൻ ദിവസങ്ങളായിരുന്നു എങ്കിൽ, യേശു ബെഥാന്യയിൽനിന്ന് ഒരുദിവസത്തെ വഴി ദൂരെ ആയിരുന്നു എങ്കിൽ, സന്ദേശവാഹകർ പുറപ്പെട്ട് അധികം കഴിയുന്നതിനു മുൻപ് ലാസർ മരിച്ചുകാണും. യേശു രണ്ടു ദിവസത്തെ വഴി ദൂരെ ആയിരുന്നുവെങ്കിൽ സന്ദേശവാഹകർ യേശുവിന്റെ അടുക്കൽ എത്തിയ ഉടനെ ലാസർ മരിച്ചു കാണും. യേശു മൂന്നു ദിവസത്തെ വഴി ദൂരെ ആയിരുന്നു എങ്കിൽ, യേശു അവിടെ നിന്നു പുറപ്പെട്ട് ബെഥാന്യയിലേക്കുള്ള മാർഗ മദ്ധ്യേ ലാസർ മരിക്കുമായിരുന്നു.

[11]എഡ്മണ്ട് പി. ക്ലോണി, ജൂനിയർ.*ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രോവ് സിറ്റി, പാ.:വിഷൽസ് 1953), 31. ഇതു യോഹന്നാന്റെ ഏഴാമത്തെ "അടയാളമായിരുന്നു." ("ക്രിസ്തുവിന്റെ ജീവിതം, 1" നോക്കുക). [12]സ്ഥലപരിമിതി നിമിത്തം ഈ കഥ അതിന്റെ പൂർണ്ണരൂപത്തിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. [13]സംസാരിച്ചതു തോമസ് ആയിരുന്നു, അവനെ "ദിദിമോസ്," എന്നും വിളിച്ചിരുന്നു, അർത്ഥം "ഇരട്ട" എന്നായിരുന്നു. അവന് ഒരുപക്ഷെ ഇരട്ട സഹോദരൻ ഉണ്ടായിരുന്നേക്കാം. [14]മറ്റൊരുവാക്കിൽ പറഞ്ഞാൽ, "അവൻ ജീവിതത്തിലേക്ക് തിരിച്ചു വന്നു." [15]മറ്റൊരു വാക്കിൽ പറഞ്ഞാൽ, "അവൻ

ആത്മിയമായി മരിക്കാതെ അവസാനം നിത്യജീവനും ലഭിക്കും," എന്നർത്ഥം. [16]യോഹന്നാന്റെ സുവിശേഷത്തിൽ ഏഴ് "ഞാൻ" എന്ന പ്രസ്താവന കാണാം. അവ യോഹന്നാൻ 6:35; 8:12, 58; 10:11; 11:25; 14:6; 15:1 എന്നിവയാണ്. [17]നിഷേധ ഭാവത്തിൽ യേശുവിനുണ്ടായ ദേഷ്യത്തെ പ്രകടമാക്കുവാൻ സൂചിപ്പിച്ച വാക്കുകളായിരുന്നു ഗ്രീക്കിൽ നിന്നു തർജിമ ചെയ്ത "ഡീപ്ലി മൂവ്ഡ്" എന്നും "ട്രബിൾഡ്" എന്നും. ആചാരം ആവശ്യപ്പെട്ടിരുന്ന അതിരുകവിഞ്ഞ കാര്യങ്ങൾ അവൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്നു പറയപ്പെട്ടിട്ടുണ്ട് (*ക്രിസ്തുവിന്റെ ജീവിതം, 3* ലെ "നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്ന പാഠത്തിലെ മർക്കൊസ് 5:39ന്റെ വ്യാഖ്യാനം നോക്കുക). പാപവും അതിന്റെ ഫലമായി ഉണ്ടായ മരണവും ഹൃദയാഘാതവും നിമിത്തം അവൻ കോപിച്ചിരിക്കാം – അവൻ നിരീക്ഷിച്ചതായ ഹൃദയാഘാതം കാണുവാൻ (ഉല്പത്തി 3:3; റോമർ 5:12 നോക്കുക). എങ്ങനെയായാലും, ആ വാക്കുകൾ അർത്ഥമാക്കുന്നത്, അവന്റെ സ്നേഹിതന്മാർ ഇളകി മറിഞ്ഞതുകൊണ്ട്, അവനും ഇളകി മറിഞ്ഞു എന്നാണ്. [18]ബൈബിളിലെ ഏറ്റവും ചെറിയ വാക്യമാണ് യോഹന്നാൻ 11:35. അതു ചെറുതായതുകൊണ്ടു കുട്ടികൾ ആദ്യം മനപ്പാഠമാക്കുന്നത് ആ വാക്യമാണ്. [19]നീതിമാന്മാരുടെ അനുഗ്രഹിക്കപ്പെട്ട സ്ഥാനത്തുനിന്നു ലാസറിനെ തിരിച്ചു കൊണ്ടുവന്ന് (ലൂക്കൊസ് 16:23) പാപവും ദുഃഖവുമുള്ള ലോകത്തിലാണല്ലൊ ആക്കുന്നതും അവൻ വീണ്ടും വേദനയും മരണവും അനുഭവിക്കേണ്ടി വരുമല്ലൊ എന്നോർത്തതുകൊണ്ടാകാം യേശു കണ്ണുനീർ വാർത്തത് എന്നും പറയപ്പെട്ടിട്ടുണ്ട്. [20]ആ വാക്യങ്ങൾ നമുക്ക് അന്നത്തെ കല്ലറകളുടെ ചിത്രം നൽകുന്നു.

[21]മെക്ഗാർവേ ആന്റ് പെൻലെറ്റൺ, 526. [22]യോഹന്നാൻ 11 ന്റെ ആദ്യവും (വാ. 8) അവസാനവും (വാ. 55) പറഞ്ഞിരിക്കുന്ന "യെഹൂദന്മാർ" എന്നത് യെഹൂദാദ്ധ്യക്ഷന്മാരെ ആണ് സൂചിപ്പിച്ചിരിക്കുന്നത്. അദ്ധ്യായത്തിന്റെ മദ്ധ്യഭാഗത്തും ആ സൂചനയുണ്ട്. ആ നിർവ്വചനത്തിനുള്ള പ്രാഥമിക എതിർപ്പ് വാക്യം 46 ആണ്, അവിടെ ഒരു കൂട്ടം "യെഹൂദന്മാർ" (വാ. 45) പരീശന്മാരോട് വിവരം ധരിപ്പിക്കുന്നതായി പറയുന്നത് – അവരുടെ *സഹാ*ദ്ധ്യക്ഷന്മാരോടായിരിക്കാം. [23]വാക്യം 47 ലെ "കൗൺസിൽ" എന്നതു ന്യായാധിപസഭയാണ്. ന്യായാധിപസഭയെ കുറിച്ചുള്ള ചുരുങ്ങിയ വിവരണത്തിനു, *ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ക്രിസ്തു വന്നതായ ലോകം," എന്ന പാഠം നോക്കുക. [24]അവൻ മരിച്ചവരെ ഉയർപ്പിച്ചതടക്കം, ചെയ്ത അത്ഭുതങ്ങളെ അവർ നിഷേധിച്ചില്ല (വാ. 47). [25]കയ്യഫാവ് "ആ വർഷത്തെ" മഹാപുരോഹിതനായിരുന്നു എന്ന് വാക്യം 49 പറയുന്നു. അതിനർത്ഥം ആ വർഷം മാത്രമെന്നല്ല, കാരണം അവൻ ആ സ്ഥാനത്ത് ഏ. ഡി. 18–36 വരെ സേവനം നടത്തിയിട്ടുണ്ട്, മറിച്ച് "ആ *പ്രത്യേക വർഷം*" (അതായത് ആ യേശു മരിച്ച വർഷം). റോമൻ നാടുവാഴി മഹാപുരോഹിതസ്ഥാനത്തുനിന്നു അവന്റെ അമ്മായി–അപ്പൻ – ആയിരുന്ന ഹന്നാവിനെ നീക്കിയ ശേഷമാണ് കയ്യഫാവിനെ ആ സ്ഥാനത്തു നിയമിച്ചത്. [26]റോബർട്ട് എൽ. തോമസ്., എഡി., ആന്റ് സ്റ്റാൻലി എൻ.ഗുൺറി, അസോസി. എഡി., *ഏ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (ഷിക്കാഗോ:മോൺടി പ്രസ്, 1978). 161. [27]യോഹന്നാൻ 11:47, 57–ൽ പറഞ്ഞിരിക്കുന്ന മിക്ക "മഹാപുരോഹിതന്മാരും" സദൂക്യരായിരുന്നു. [28]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "യേശുവിന്റെ ശുശ്രൂഷക്കിടയിലെ പാലസ്തീന്റെ ഭൂപടം" നോക്കുക. [29]"അവൻ ശമര്യക്കും ഗലീലക്കും മദ്ധ്യേ [കൂടെ] കടന്നു പോയി" എന്നു തർജിമ ചെയ്യാം. യേശു വാസ്തവത്തിൽ ശമര്യയിലും ഗലീലയിലും സഞ്ചരിച്ചോ അതോ ആ പ്രദേശങ്ങളുടെ അതിരുകളിൽ കൂടെ കടന്നു പോയോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് തീർച്ചയില്ല (ഒരുപക്ഷെ പെരെയയിൽ നിന്നാകാം). [30]പുരുഷാരത്തോടൊപ്പം സഞ്ചരിച്ച ചില സ്ത്രീകളായിരിക്കാം ഗലീലയിൽ വെച്ച് അവനെ ശുശ്രൂഷിച്ചത് (മത്തായി 27:55; മർക്കൊസ് 15:41).

[31]റോബെർട്ട് ഡെങ്കൻ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്,

മൈക്ക്.:ബേക്കൽ ബുക്ക് ഹൗസ്, 1976), 196. [32]പൊതുവായ സ്ഥാനനിർണ്ണയത്തിന്, "യേശുവിന്റെ ശുശ്രൂഷാ കാലത്തെ പാലസ്തീന്റെ" ഭൂപടം നോക്കുക. [33]അവരുടെ യാത്ര തുടർന്നപ്പോൾ, പ്രതീക്ഷാ നിർഭരമായിരിക്കുവാൻ സാധ്യതയുണ്ട്, പക്ഷെ അവരുടെ അന്വേഷണം ആത്മാർത്ഥമായിരുന്നു – അതു അസംഭവ്യമാണ്. [34]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *ഏ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷിലേ:ബ്രോഡ്മാൻ പ്രസ്, 1961), 227. [35]സഭ സ്ഥാപിച്ചത് ക്രിസ്തു മരിച്ച്, അടക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിലായിരുന്നു (പ്രവൃത്തികൾ 2). [36]താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ താരതമ്യം ചെയ്യുക:

ലൂക്കോ. 17:24 / മത്താ. 24:27 ലൂക്കോ.7:26, 27 / മത്താ. 24:37–39
ലൂക്കോ. 17:31 / മത്താ. 24:17 ലൂക്കോ.17:35 / മത്താ.24:41
ലൂക്കോ. 17:37 / മത്താ. 24:28

ലൂക്കോസ് 17–ൽ ഉള്ള ചില വസ്തുതകൾ മത്തായി 24ൽ കാണുന്നില്ല. ഉദാഹരണത്തിന്, തന്റെ ശ്രോതാക്കൾ അവന്റെ വരവിനുവേണ്ടി ഒരുങ്ങിയിരിക്കേണ്ടതിന് സോദോമിനേയും ഗൊമോറയെയും നശിപ്പിച്ചത് യേശു ലുക്കോസ് 17–ൽ, മുന്നറിയിച്ചിട്ടുണ്ട്. "ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക" (ലുക്കോസ് 17:32), അത് ഇവിടെ മാത്രമാണ് ഉള്ളത് "നിങ്ങളുടെ പഴയജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാതിരിക്കുക!" എന്നത് ഉപദേശിക്കുവാൻ ശക്തമായ ഒന്നാണ് (ലൂക്കോസ് 9:62). [37]മത്തായി 24 നെ കുറിച്ചുള്ളവിശദാംശങ്ങൾക്ക് ഈ പുസ്തകത്തിൽ വരുവാനിരിക്കുന്ന "അവൻ പറപ്പെട്ട്പോയി" എന്ന രണ്ടു–ഭാഗമുള്ള പാഠം നോക്കുക. [38]എന്റെ മനസിൽ പ്രത്യകിച്ച് വാക്യം 31 ഉം 37 ഉം ആണുള്ളത്. ഇവ രണ്ടാം വരവിനെക്കുറിച്ച് പറയുന്നതാണെന്ന് മനസിലാക്കാം, എന്നാൽ മത്തായി 24 ലെ അതേ ഭാഷ യെരുശലേം നാശത്തെക്കുറിച്ചാണ് പറയുന്നത്. ഈ പരമ്പരയിൽ പിന്നീട് വരുന്ന മത്തായി 24നെക്കുറിച്ചുള്ള ചർച്ച നോക്കുക. [39]ഇതിന് ചിലപ്പോൾ "ഞെരുക്കിക്കോണ്ടിരുന്ന വിധവയുടെ ഉപമ" എന്ന് വിളിച്ചിട്ടുണ്ട്. "ഞെരുക്കിക്കൊണ്ടിരിക്കുക" എന്നാൽ "നിരന്തരമായി അസഹ്യപ്പെടുത്തുക" എന്നാണ്. [40]ലൂക്കോസ് 18:7 വെളിപ്പാട് 6:9–11 മായി താരതമ്യം ചെയ്യുക.

[41]ലിവിങ് ബൈബിളിൽ സമാന്തര പദപ്രയോഗം നടത്തിയിരിക്കുന്നത്. "വിശ്വാസമുള്ളവർ പ്രാർത്ഥിച്ച് കൊണ്ടിരുന്നു" എന്നാണ്. അതേ വികാരം മത്തായി 24:12, 13 ലും വ്യക്തമാക്കിയിട്ടുണ്ട്. [42]യേശുവിന്റെ ഉപദേശം പരീശന്മാരുടെ മനോഭാവത്തെ മാറ്റിയിരിക്കുവാൻ സാധ്യതയില്ല. എന്നാൽ പരീശന്മാരെ മാനിച്ചിരുന്നവരുടെ മനോഭാവം മാറുമെന്ന് യേശു പ്രതീക്ഷിച്ചിരിക്കാം. എഴുത്തുകാർ സൂചിപ്പിക്കുന്നത്, ഉപമകൾ പരോക്ഷമായ ഉപദേശമാകയാൽ, പരീശന്റെ മനോഭാവത്തെ മാറ്റുവാൻ ഉദ്ദേശിച്ചു എങ്കിൽ യേശു ഒരുപക്ഷേ പരീശന്റെ ചിത്രീകരണം നൽകുമായിരുന്നില്ല. [43]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ റ്റസ്റ്റ്മെന്റ്* (ലിബർറ്റി, മോ:കോളിറ്റി പ്രസ്സ്, 1963), 179. [44]ഉപമയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക് അടുത്ത പാഠത്തിലെ , "ദൈവമേ, എന്നോട് കരുണ തോന്നേണമേ!" എന്നതു നോക്കുക.